## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### ലഹരി വ്യാപനം

മി. സ്പീക്കർ: സംസ്ഥാനത്ത് ലഹരിയുടെ വ്യാപനം കാരണം കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യംമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ലഹരിയെ ഒരു സാമൂഹിക വിപത്തായി അതീവഗൗരവത്തോടെ കാണുകയും അതിനെ ചെറുക്കാൻ ജനങ്ങളെയാകെ കക്ഷിരാഷ്ട്രീയ ജാതിമത ചിന്തകൾക്കതീതമായി ഒറ്റക്കെട്ടായി അണിനിരത്തുകയും ചെയ്യുന്ന ഒരു സർക്കാരാണ് ഈ സർക്കാർ. ഈ

സർക്കാരിന് ഇതുപോലുള്ള കാര്യങ്ങളിലൊന്നും മറച്ചുവയ്ക്കാനോ ഒളിച്ചുവയ്ക്കാനോ ഇല്ലെന്ന് മാത്രമല്ല ഈ പ്രശ്നത്തിനെതിരെ എല്ലാവരെയും യോജിച്ച് അണിനിരത്താൻ തുറന്ന സമീപനമാണുള്ളത്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാമെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സംബന്ധിച്ച് ഇന്ന് ലഭിച്ച നോട്ടീസ് പ്രകാരം ചർച്ച ചെയ്യാമെന്ന് ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു. ഉച്ചയ്ക്ക് 12.00-മണിക്ക് ചർച്ച ആരംഭിക്കുന്നതാണ്. രണ്ട് മണിക്കൂർ ചർച്ചയായിരിക്കും.

ഒരു കാര്യം ചെയറിന് പ്രത്യേകം പറയാനുള്ളത്, എൽ.ഡി.എഫ്., യു.ഡി.എഫ്., മറ്റ് പാർട്ടി അംഗങ്ങൾ ശ്രദ്ധക്ഷണിക്കലിനുവേണ്ടിയും സബ്മിഷനുവേണ്ടിയും ചെയറിനെ സമീപിക്കുന്നുണ്ട്. എന്നാൽ സമയകൃത്യത ആരും പാലിക്കുന്നില്ല. സബ്മിഷൻ അവതരിപ്പിക്കുന്ന അംഗം പരമാവധി സമയമെടുക്കും. അതുകൊണ്ട് മന്ത്രിമാരും അംഗങ്ങളും സബ്മിഷൻ ചുരുക്കി

അവതരിപ്പിക്കുന്നതോടൊപ്പം ഉത്തരവും വളരെ കൃത്യമായി സമയബന്ധിതമായി അവതരിപ്പിച്ച് ചെയറുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.